**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 75** **10-06-2024 - ൽ മറുപടിയ്ക്ക്**

**വടകര-മാഹി കനാൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വടകര-മാഹി കനാൽ മൂന്നാം റീച്ചിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | വടകര – മാഹി മൂന്നാം റീച്ചിൽ ഉയർന്ന കട്ടിംഗ് ആവശ്യമായി വരുന്ന 800 മീ. ഭാഗത്തെ പാർശ്വസംരക്ഷണ ഭിത്തിയുടെ ഡിസൈൻ തയ്യാറാക്കുന്നതിനായുള്ള പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ജലപാതാ വികസന പദ്ധതികൾക്കായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | ടി പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വടകര-മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി മൂന്നാം റീച്ചിന്റെ പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വടകര – മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള സമയബന്ധിതമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ